പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3731 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ കടബാദ്ധ്യത

ചോദ്യം

ശ്രീ.യു. ആർ. പ്രദീപ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി യുടെ കടബാദ്ധ്യത എത്ര കോടി രൂപ ആയിരുന്നു; | (എ) | കെ.എസ്.ആർ.ടി.സി.യുടെ കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31/03/2016-ൽ സർക്കാർ വായ്പയുൾപ്പെടെ 2933.12 കോടി രൂപയായിരുന്നു കട ബാദ്ധ്യത. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പ കളുടെ കണക്ക് ഇരു സ്ഥാപനങ്ങളുടെയും അക്കൗണ്ട്സിൽ വ്യത്യസ്തമാണ്. കണക്കുകൾ രഞ്ജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |
| (ബി) | സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി യ്ക്ക് സർക്കാർ വായ്പ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ? | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ 7055-00-190-99-കെ.എസ്.ആർ.ടി.സി. യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതിയേതര വിഹിതമായി (വായ്പയായി) 305 കോടി രൂപ നൽകി.<br>2017-18 സാമ്പത്തിക വർഷത്തിൽ 7055-00-190-99-കെ.എസ്.ആർ.ടി.സി. യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് പദ്ധതി വിഹിതമായി 205 കോടി രൂപയും പദ്ധതിയേതര വിഹിതമായി 630 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ 7055-00-190-99-കെ.എസ്.ആർ.ടി.സി. യ്ക്കുള്ള വായ്പകൾ എന്ന ശീർഷകത്തിൽ നിന്ന് ഇതുവരെ 701.989272/- കോടി രൂപ, കെ.എസ്. ആർ.ടി.സി.യിലെ ശമ്പള/വേതന വിതരണം, സഹകരണ ബാങ്കുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യു |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. പെൻഷൻ തുക 10% പലിശ സഹിതമുള്ള തിരിച്ചടവ്, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകളുടെ പലിശ തിരിച്ചടവ്, കെ.എസ്.ആർ.ടി.സി.യിലെ ഓണക്കാലത്തെ ബോണസ് വിതരണം, കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നാഷണൽ പെൻഷൻ സ്കീം (NPS) കുടിശ്ശിക തീർപ്പാക്കൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**